# ‘ഉള്ളിലുള്ള സാത്താന്യ കോട്ടകൾ തകർക്കുക’

**1 ശമുവേൽ 17:26**

“അപ്പോൾ ദാവീദ് തന്റെ അടുക്കൽ നിലക്കുന്നവരോടു: ഈ ഫെലിസ്ത്യനെകൊന്നു യിസ്രായേലിൽനിന്നു നിന്ദയെ നീക്കിക്കളയുന്നവന്നു എന്തു കൊടുക്കും? ജീവനുള്ള ദൈവത്തിന്റെ സേനകളെ നിന്ദിപ്പാൻ ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ആർ എന്നു പറഞ്ഞു”.

1ശമു 17:26 ദാവീദ് ഇപ്രകാരം പറയുന്നതായി നാം വായിക്കുന്നു” ജീവനുള്ള ദൈവത്തിന്റെ സേനകളെ നിന്ദിപ്പാൻ ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ആര്”

ഒരു കുഞ്ഞാടിന്റെ ജീവൻ രക്ഷിക്കുവാൻ സിംഹത്തിന്റെ പിറകേ അധികമിടയന്മാർ ഒന്നും പോകാറില്ലാത്ത നാളുകളിൽ തന്റെ ഒരാടിനോടു പോലും ഇടയനായ ദാവീദ് നൽകുന്ന കരുതൽ ശ്രദ്ധേയമാണ്. ഈ കരുതലാണ് ദൈവം അവനെ യിസ്രായേലിന്റെ ഇടയനാക്കിത്തീർക്കാൻ കാരണം. ഇന്ന് സാത്താൻ ബലഹീനനായ ഒരു സഹോദരനെ വലയ്ക്കുമ്പോൾ ഇടയന്റെ ചുമതലയാണ് ആത്മീയ പോരാട്ടത്തിലൂടെ ആ സഹോദരനെ രക്ഷിക്കുക എന്നുള്ളത്. ഇന്ന് ദൈവത്തിനാവശ്യം അപ്രകാരമുള്ള ഇടയന്മാരെയാണ്.

അതുപോലെ തന്നെ പരസ്യമായി ഗോലിയാത്തിനെ നേരിടുന്നതിന് മുൻപ് തന്റെ ആടുകളെ ആക്രമിക്കുവാൻ വന്ന സിംഹത്തെയും കരടിയെയും താടിക്കു പിടിച്ച് അടിച്ചു കൊന്നവനാണ് ദാവീദ് (**1ശമു17:34-36**). അതിനാൽ പരസ്യമായി ഗോലിയാത്തുകളെ നേരിടുന്നതിന് മുമ്പ് സ്വകാര്യ ജീവിതത്തിൽ സിംഹത്തെയും കരടിയെയും കൊല്ലേണ്ടിയിരിക്കുന്നു... സ്വന്തം ഉള്ളിലുള്ള സാത്താന്യ കോട്ടകളെ തകർത്തെങ്കിൽ മാത്രമേ പരസ്യമായി സാത്താന്യകോട്ടകളെ തകർക്കുവാൻ ദൈവം നമ്മെ ഏൽപിക്കൂ.

ഗോലിയാത്തിൽ നിന്ന് അല്പമെങ്കിലും സംരക്ഷണം ലഭിക്കേണ്ടതിനു തന്റെ പടച്ചട്ട അണിയാൻ ശൗൽ ദാവീദിനോട് പറയുന്നു... എന്നാൽ ദാവീദ് ഈ ലോകം നല്കിയ പടച്ചട്ടയിൽ ആശ്രയിക്കാതെ ദൈവത്തിൽ മാത്രം ആശ്രയിച്ച് മുന്നോട്ട് പോയി. അവൻ ഗോലിയാത്തിനോട് പറഞ്ഞു “നീ വാളും കുന്തവുമായി എന്റെ നേരെ വരുന്നു... ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തിൽ വരുന്നു” (**1ശമു17:45**). അങ്ങനെ അവൻ ഒറ്റ കല്ലുകൊണ്ട്

ഗോലിയാത്തിനെ കൊന്നു. ഗോലിയാത്തിന്റെ തന്നെ വാളുകൊണ്ട് അവന്റെ തല അറക്കുകയും ചെയ്തു.

സാത്താനെതിരെ നാമും ഇപ്രകാരമാണ് പോരാടേണ്ടത്. സാത്താനെ അവന്റെ ആയുധങ്ങൾ തന്നെ ഉപയോഗിച്ച് ദൈവം നശിപ്പിച്ചുകൊള്ളും.

**എബ്രായർ 2:14** ൽ ഇപ്രകാരം വായിക്കുന്നു ''മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരൊക്കെയും വിടുവിച്ചു.'' ഗോലിയാത്ത് കൊല്ലപ്പെട്ടപ്പോൾ മറ്റു ഫെലിസ്ത്യർ ഓടിപ്പോയി (**1ശമു17:51**) – ഇപ്രകാരം നമ്മുടെ ജീവിതത്തിലെ ഏറ്റവും കരുത്തുള്ള പാപം നശിപ്പിച്ചുകഴിഞ്ഞാൽ, മറ്റു പാപങ്ങളെ ജയിക്കാൻ കഴിയും.

**പരാമർശം :**
എബ്രായർ12:1

**''ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക''.**

**ബ്രദർ ജോബി ജെയിംസ് ചങ്ങനാശ്ശേരി 006**